# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.ബി.പി-355/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 24/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷ്ണർ,എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.ബി.പി-355/23 തീയ്യതി: 24/04/2023

## എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 17-03-2023 | 22-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-03-2023 | 22-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ വിജയകുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ അനീഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന വി,ഓഡിറ്റർ
ശ്രീ അനീഷ് ടി എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജു പി നായർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി സതി കെ വി | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീമതി അനില പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-05-2021 | 11-05-2021 |
| ശ്രീ.ഗൌതമൻ ടി സത്യപാൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-05-2021 | 10-12-2021 |
| ശ്രീമതി സുജാത കെ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-12-2021 | 19-12-2021 |
| ശ്രീ.നാസർ കെ എച്ച് | സെക്രട്ടറി | 20-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സന്തോഷ്കുമാർ എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2021 | 13-10-2021 |
| ശ്രീമതി രമ്യ ജെ എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 14-10-2021 | 31-03-2022 |
| ശ്രീ. ബാലകൃഷ്ണൻ പി കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 13-10-2021 |
| ശ്രീമതി ആരതി സദു | അസിസ്റ്റന്റ് എഞ്ചിനിയർ | 14-10-2021 | 30-10-2021 |
| ശ്രീമതി ശർമ്മിള സി പി | അസിസ്റ്റന്റ് എഞ്ചിനിയർ | 31-10-2021 | 31-03-2022 |
| ശ്രീമതി മോനി ഒ എൻ | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്ട് ഓഫീസർ | 01-04-2021 | 09-11-2021 |
| ശ്രീമതി ഡിഫ്ന ഡിക്രൂസ് | ചൈൽഡ് ഡവലപ്പ്മന്റ് പ്രോജക്ട് ഓഫീസർ | 10-11-2021 | 31-03-2022 |
| ശ്രീ.രാജേഷ് കെ കെ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജാകിലിൻ ഡൊമനിക്ക് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 09-04-2021 |
| ശ്രീമതി ഹരിത എച്ച് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 10-04-2021 | 03-10-2021 |
| ശ്രീ.ജെയിംസ് ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 04-10-2021 | 31-03-2022 |
| ശ്രീമതി ചിത്ര പി എം | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഇന്ദു നായർ പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ ഷാജി പി എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,മുളന്തുരുത്തി) | 01-04-2021 | 31-03-2022 |
| ഡോ സീന എൻ എസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,കീച്ചരി) | 01-04-2021 | 31-03-2022 |
| ഡോ സുധ എ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,പൂത്തോട്ട) | 01-04-2021 | 28-02-2022 |
| ഡോ അരുൺ തോമസ് എബ്രഹാം | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി,പൂത്തോട്ട) | 01-03-2022 | 31-03-2022 |
| ഡോ രാജു ആന്റണി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാടക സംബന്ധിച്ച അപാകതകൾ | 1-11 |
| 13 | സാക്ഷരത പ്രേരക്കിന് ഹോണറേറിയം നല്കിയത് സംബന്ധിച്ച് | 1-12 |
| 14 | സി.എച്ച് .സി പൂത്തോട്ട -മരുന്നുകൾ ലഭ്യമായിട്ടില്ല | 1-13 |
| 15 | മുളന്തുരുത്തി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ സ്പീച്ച് തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-14 |
| 16 | സി.എച്ച്.സി മുളന്തുരുത്തി -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-15 |
| 17 | രാത്രികാല പാലിയേറ്റീവ് കെയർ യൂണിറ്റ് ഡോക്ടർ നിയമനം -കരാർ വ്യവസ്ഥകൾ പാലിച്ചിട്ടില്ല | 1-16 |
| 18 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് - ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല | 1-17 |
| 19 | സി.എച്ച്.സി കീച്ചേരി-കായകൽപ അവാർഡിനുള്ള മുന്നൊരുക്കങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-18 |
| 20 | നബാർഡ് അസിസ്റ്റൻസ് - തുക ചെലവഴിച്ചില്ല | 1-19 |
| 21 | അലങ്കാര മത്സ്യക്കൃഷി- സബ്സിഡി നിരക്കിൽ അധികരിച്ച് തുക നൽകി | 1-20 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - തുടർനടപടി സ്വീകരിച്ചില്ല | 1-21 |
| 23 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |
| 24 | വജ്രജൂബിലി ഫെലോഷിപ്പ് - അനുബന്ധറിപ്പോർട്ട് ലഭ്യമാക്കിയില്ല | 1-23 |
| 25 | ഔദ്യോഗിക വാഹന അപകടം ഇൻഷുറൻസ് ക്ലെയിം സംബന്ധിച്ച് | 1-24 |
| 26 | വാഹന റിപ്പയർ | 1-25 |
| 27 | ഇ-ടെണ്ടർ ഫീസ് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-26 |

| | | |
|---|---|---|
| 28 | ലഭ്യമായ ഫണ്ടുകൾ യഥാസമയം വിനിയോഗിക്കപ്പെടുന്നില്ല | 1-27 |
| 29 | കാന നിർമ്മാണ പ്രവൃത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ് | 1-28 |
| 30 | എൽ.എസ്.ജി.ഡി സബ് ഡിവിഷൻ ഓഫീസ് ചെലവ് (62/22) – അധിക തുക ചെലവഴിച്ചു | 1-29 |
| 31 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-30 |
| 32 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- | 1-31 |
| 33 | ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അലങ്കാര മത്സ്യക്കൃഷി- സബ്സിഡി നിരക്കിൽ അധികരിച്ച് തുക നൽകി | 3-1 |
| 2 | കാന നിർമ്മാണ പ്രവൃത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ് | 3-2 |
| 3 | എൽ.എസ്.ജി.ഡി സബ് ഡിവിഷൻ ഓഫീസ് ചെലവ് (62/22) – അധിക തുക ചെലവഴിച്ചു | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 25.03.2021-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2021-2022 പുതുക്കിയ ബജറ്റ് പ്രകാരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 1500000 | 245669000 | 247169000 | 243337750 | 3831250 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2021-2022 വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ്&പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2021-2022വാർഷിക ധനകാര്യപത്രിക (റസീപ്റ്റ്&പേയ്മെന്റ്) പ്രകാരം |
|---|---|
| വരവ് | 66020774 |
| ചെലവ് | 64933210 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവ് -ചെലവും തമ്മിൽ വ്യത്യാസമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ്-ചെലവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 25-05-2022 |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ

ബ്ലോക്ക്പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് വിശദ വിവരം /വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) വാർഷിക ധനകാര്യ പത്രികയിലെ Contractor's Security Deposit (340100201), Contractor's Retention (340100301), Rent Deposit (340200101) എന്നീ ശീർഷകങ്ങളുടെ മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

2) 2020-21 വർഷത്തെ B-11 ഷെഡ്യൂൾ പ്രകാരം എല്ലാ ആസ്തികളുടേയും മൂല്യം 66588316/- രൂപയായിരുന്നു. 2021-22 വർഷം RP38 ഷെഡ്യൂൾ പ്രകാരം 2575091/- രൂപ തൻവർഷം അക്കൗണ്ട് ചെയ്യുകയും, I-17(a) ഷെഡ്യൂൾ പ്രകാരം 4228474/- രൂപ Depreciation ഹെഡിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 2020-21 വർഷം എല്ലാ ആസ്തികളുടേയും മൂല്യം 64934933/- രൂപ ആണ്. എന്നാൽ, 2021-22 വർഷത്തെ B-11 ഷെഡ്യൂൾ പ്രകാരം എല്ലാ ആസ്തികളുടേയും മൂല്യം 65446504/- ആണ്. ഈ ഹെഡുകളിൽ 511571/- ന്റെ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

3) Rent Receivables From Buildings (431400102)എന്ന ശീർഷകത്തിന്റെ മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

4) മുൻവർഷങ്ങളിൽ വിവിധ നിർവഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ അഡ്വാൻസ് ഹെഡുകളിൽ അക്കൗണ്ട് ചെയ്തിരുന്നില്ല. ടി നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കി തനവർഷവും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ, ടി നിക്ഷേപ പ്രവൃത്തികളുടെ തുക കണക്കാക്കി അഡ്വാൻസ് ഹെഡുകളിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

5) ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6) അഡ്വാൻസ് ഡെപ്പോസിറ്റ് രജിസ്റ്ററുകളിൽ ഇനം തിരിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ ഈ ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

7) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5871438 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 66020774 |
| ആകെ | 71892212 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64933210 |
| നീക്കിയിരിപ്പ് | 6959002 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 102518 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3791999 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17945000 | 17945000 | 17355463 | 589537 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11534000 | 11534000 | 11534000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 264000 | 264000 | 262034 | 1966 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5916048 | 5916048 | 4959607 | 956441 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( Untied )Bank | 0 | 3341000 | 3341000 | 3341000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( Untied )Treasury | 0 | 131113 | 131113 | 131113 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied )Bank | 0 | 5012000 | 5012000 | 4845775 | 166225 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied )Treasury | 0 | 2830473 | 2830473 | 2622181 | 208292 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| ടോട്ടൽ സാനിട്ടേഷൻ | 6566 | 123 | 6689 | 0 | 6689 |
| ഐ.സി. ഡി.എസ്. | 843823 | 23016 | 866839 | 0 | 866839 |
| 320100299 | 0 | 2600000 | 2600000 | 2350006 | 249994 |
| 320300199 | 464666 | 170221 | 634887 | 176097 | 458790 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| നിർമൽ പുരസ്കാരം | 1896240 | 0 | 1896240 | 197700 | 1698540 |
| ശുചിത്വമിഷൻ | 57771 | 55884 | 113655 | 113655 | 113655 |
| മറ്റ് ഏജൻസികൾ | | | | | |
| നബാർഡ് സഹായം | 2410380 | 0 | 2410380 | 0 | 2410380 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പദ്ധതി | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 115 | 70947874 | 97 | 49975625 | 85 | 12 | 18 | 74% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.03.2023 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് 0/- ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. ലഭ്യമായ ഫണ്ടുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല.

3. വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല. സ്റ്റോർ പർച്ചേസ് നിബന്ധനകൾ പാലിച്ച് വാങ്ങൽ നടത്തേണ്ടതാണ്.

4. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും, രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

5. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല. ടി ഇനത്തിൽ ഭീമമായ തുകയുടെ പ്രവൃത്തികൾ നാളിതുവരെയും പൂർത്തീകരിക്കപ്പെടാതെ ശേഷിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമല്ലാതായിരിക്കുന്നു.

6. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2022 – 26.11.2022 | 2021-2022 | 16.02.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.06.2022-04.07.2022 | 2013-14 To 2021-22 | 20.08.2022 |

## 1-11 വാടക സംബന്ധിച്ച അപാകതകൾ

പരിശോധനക്കായി നൽകിയ വാടക രജിസ്റ്ററിൽ ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖപ്പെടുത്തികാണുന്നില്ല ഉദാഹരണമായി കരാർ വിവരങ്ങൾ,കുടിശ്ശിക വിവരങ്ങൾ, സെക്യൂരിറ്റി ഡെപ്പോസിറ്റ് വിവരങ്ങൾ എന്നിവ, വാടക രജിസ്റ്ററിൽ ഡി.സി.ബി എഴുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല,കുടിശ്ശിക വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിയ്ക്കുന്നില്ല.എഗ്രിമെന്റ് കൃത്യ തിയതിയിൽ പുതുക്കുന്നില്ല. കുടിശ്ശിക വരുത്തിയവർക്ക് തന്നെ തുടർന്നും ഈ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുന്നു. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റേതായി നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന എത്ര വാടക കെട്ടിടങ്ങളുണ്ടെന്നും ഒഴിഞ്ഞ്കിടക്കുന്ന കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതിന് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരങ്ങളും, 2021-22 വാഷീക ധനകാര്യപത്രികയിൽ കുടിശ്ശികയായി അവശേഷിക്കുന്ന 822683/-രൂപ പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി വിവരങ്ങളും കുടിശ്ശിക്കാരുടെ വിവരങ്ങളും അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 16/21-03-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.വാടക രജിസ്റ്ററിൽ ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. 2021-22വാഷീക ധനകാര്യപത്രികയിൽ കുടിശ്ശികയായി അവശേഷിക്കുന്ന 822683/-രൂപ പിരിച്ചെടുക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സാക്ഷരത പ്രേരക്കിന് ഹോണറേറിയം നല്കിയത് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന തുടർ വിദ്യാകേന്ദ്രത്തിലെ സാക്ഷരത പ്രേരക്മാരായ ശ്രീമതി ബീന മുരളി, ശ്രീമതി ശോഭന പി കെ എന്നിവർക്ക് 2021 ഫെബ്രുവരി, 2021 മാർച്ച് മാസങ്ങളിലെ ഹോണറേറിയം താഴെ പറയും പ്രകാരം തനതുഫണ്ടിൽ നിന്നും സാക്ഷരത പ്രേരക്മാർക്ക് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പേര് | തുക | വൌച്ചർ/ചെക്ക് നം |
|---|---|---|
| ശ്രീമതി ബീന മുരളി | 8280 | 5481357/17.04.2021 |
| ശ്രീമതി ശോഭന പി കെ | 8280 | 5481357/17.04.2021 |
| ശ്രീമതി ബീന മുരളി | 9000 | 5481366/21.05.2021 |
| ശ്രീമതി ശോഭന പി കെ | 9000 | 5481366/21.05.2021 |

ഹോണറേറിയത്തിനുള്ള സർക്കാർ വിഹിതം സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഹോണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626/ത.സ്വ.ഭ.വ/2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഹോണറേറിയം നൽകിയ തുക തിരികെ ലഭിച്ചിട്ടുണ്ടങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 9/21-03-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഹോണറേറിയം നൽകിയ തുക തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13 സി.എച്ച് .സി പൂത്തോട്ട -മരുന്നുകൾ ലഭ്യമായിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് /നമ്പർ | സി.എച്ച്.സി പൂത്തോട്ട മരുന്നുവാങ്ങൽ/16/21-22 |
| അടങ്കൽ തുക | 200000/-(റോഡിതരം) |
| ചെലവ് | 200000/-(റോഡിതരം) |
| ട്രഷറി റെഫറൻസ് നം/തീയതി | 21110600000005439/06.11.21 |

മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 200000/-രൂപ കെ.എം.എസ്.സി.എൽ ന് നിർവഹണോദ്യോഗസ്ഥൻ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ വാങ്ങുന്നതിനായി നൽകിയ പ്രോഫോർമ ഇൻവോയിസ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ,ബില്ലുകൾ സഹിതം രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/20.3.23) മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി അനുബന്ധരേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 200000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 മുളന്തുരുത്തി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ സ്പീച്ച് തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0128/21-22, മുളന്തുരുത്തി ഫിസിയോ തെറാപ്പി യൂണിറ്റിലെ സ്പീച്ച് തെറാപ്പി സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 103535/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ചെലവ് | 103535/- |
| ബിൽ നമ്പർ | 31/21-22, 13.10.21 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുളന്തുരുത്തി |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി മുളന്തുരുത്തി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ സാമൂഹീക ആരോഗ്യ കേന്ദ്രത്തിലെ ഫിസിയോ തെറാപ്പി യൂണിറ്റിലെ സ്പീച്ച് തെറാപ്പി സെന്ററിലേക്ക് ഇംപ്രസ്സീവ് സിസ്റ്റംസ് ,പാഞ്ചജന്യം, കമ്മത്ത് ലൈൻ ,വൈക്കം എന്ന സ്ഥാപനത്തിൽ നിന്നും 64735/- രൂപയുടെ (ഇൻവോയ്സ് നം. IMP/1127/2020-21/6.3.21-ബിൽതുക-87600/-) 1 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ-എച്ച്.പി,പ്രിന്റർ കാനോൺ -1,ഓഫീസ് ഡെസ്ക്-1,റിവോൾവിംഗ് ചെയർ -1,യു.പി.എസ് -1 എന്നിവയും എ.ബി.എം കൂളിംഗ് സോല്യൂഷൻസിൽ നിന്നും 38800/- രൂപക്ക് (ഇൻവോയിസ് നം.KT74/02/20 തീയതി-20.2.21) ബ്ലൂ സ്റ്റാർ 1.5 TR സ്പ്ളിററ് എ.സി യും ഉൾപ്പെടെ ആകെ 103535/-രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1.) സ ഉ (പി) നം.2/2018 എസ് പി ഡി തീയതി 28.04.2018, സ ഉ (പി) നം.7/2019 എസ് പി ഡി തീയതി 26.04.2019 എന്നിവ പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലെയ്സിൽ നിന്ന് നടത്തേണ്ടതാണ്. എന്നാൽ, 38800/-രൂപയുടെ എ.സി ജെം മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിച്ചില്ല.
2) ജി. ഒ. (ആർടി) നം. 482/2022 എൽഎസ്ജിഡി തീയതി 28.02.2022, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, അവരുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളും അവരുടെ ആവശ്യങ്ങൾക്കുള്ള ലാപ് ടോപ്, കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാങ്ങലുകളും ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലെയ്സിൽ നിന്ന് നടത്തേണ്ടതാണ്. ഇംപ്രസ്സീവ് സിസ്റ്റംസ് ,പാഞ്ചജന്യം, കമ്മത്ത് ലൈൻ ,വൈക്കം എന്ന സ്ഥാപനത്തിൽ നിന്ന് 64735/-രൂപ നൽകി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

വാങ്ങിയതിന് ഇത്തരത്തിലുള്ള നടപടി ക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3) ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്ത വിവരങ്ങളും ഫയലിൽ ലഭ്യമല്ല.
4)ഇംപ്രസ്സീവ് സിസ്റ്റംസ് ,പാഞ്ചജന്യം, കമ്മത്ത് ലൈൻ ,വൈക്കം എന്ന സ്ഥാപനത്തിന് 64735/- രൂപ നൽകിയതിൽ (ഇൻവോയ്സ് നം. IMP/1127/2020-21/6.3.21-ബില്ലിൽ തുക-87600/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്,നൽകിയത്-64735/-രൂപ) 1 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ-എച്ച്.പി, പ്രിന്റർ കാനോൺ -1, ഓഫീസ് ഡെസ്ക്-1, റിവോൾവിംഗ് ചെയർ -1, യു.പി.എസ് -1 എന്നിവയുടെ ആകെ വിലയായി 87600/-രൂപ കാണിച്ചിരിക്കുന്നു. ഓരോ ഉപകരണത്തിന്റേയും പ്രത്യേക വില ബില്ലിൽ കാണിച്ചിട്ടില്ല. ഓരോ ഉപകരണത്തിന്റേയും പ്രത്യേക വില വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 4/20.3.23) മറുപടി ലഭ്യമായിട്ടില്ല. ക്രമ നമ്പർ 1,2,3,4 ലെ അപാകതകൾ പരിഹരിക്കേണ്ടതും,വാങ്ങിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നത് വരെ പദ്ധതിയുടെ ചെലവ് തുക 1,03,535/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 സി.എച്ച്.സി മുളന്തുരുത്തി -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി മുളന്തുരുത്തി നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് /നമ്പർ | മുളന്തുരുത്തി സി.എച്ച്.സി യിലേക്ക് മരുന്നുവാങ്ങൽ /17/21-22 |
| അടങ്കൽ തുക | 200000/-(റോഡിതരം) |
| ചെലവ് | 200000/-(റോഡിതരം) |
| ട്രഷറി ബിൽ നം./തീയതി | 35/21-22 ,15.11.21 |

മേൽ പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 200000/-രൂപ കെ.എം.എസ്.സി.എൽ ന് നിർവഹണോദ്യോഗസ്ഥൻ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. 187975/-രൂപയുടെ മരുന്നുകൾ ചുവടെ കൊടുത്തിരിക്കുന്ന ഇൻവോയിസുകൾ പ്രകാരം ലഭ്യമായിട്ടുണ്ട്.
(ഇൻവോയിസ് നം.15048/16.3.22- 97288/-
ഇൻവോയിസ് നം.15396/31.3.22- 42541/-
ഇൻവോയിസ് നം . 311/30.5.22-13419/-
ഇൻവോയിസ് നം .14983/26.10.22-12560/-
ഇൻവോയിസ് നം.14590/21.10.2022-3468/-
ഇൻവോയിസ് നം. 16592/9.11.2022-18699/-)
ബാക്കി 12025/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/20.3.2023) മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 12025/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 രാത്രികാല പാലിയേറ്റീവ് കെയർ യൂണിറ്റ് ഡോക്ടർ നിയമനം -കരാർ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര്,നമ്പർ | മുളന്തുരുത്തി സാമൂഹിക ആരോഗ്യകേന്ദ്രത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റിലെ രാത്രികാല ഡോക്ടർ,ഫാർമസിസ്റ്റ് വേതനം ,149/21-22 |
| അടങ്കൽ | 180000/-(വികസന ഫണ്ട്,പൊതുവിഭാഗം) |
| ചെലവ് | 161936/-(വികസന ഫണ്ട്,പൊതുവിഭാഗം) |
| തുക/ബിൽ നമ്പർ/തീയതി | 11613/- 55/10.1.22<br>60000/- 63/18.2.22<br>60000/- 67/8.3.22<br>30323/- 73/30.3.22 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച് .സി മുളന്തുരുത്തി |

മെഡിക്കൽ ഓഫീസർ (സാമൂഹിക ആരോഗ്യകേന്ദ്രം-മുളന്തുരുത്തി) നിർവ്വഹണം നടത്തിയ ഈ പദ്ധതി മുളന്തുരുത്തി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ പാലിയേറ്റീവ് കെയർ വാർഡിൽ രാത്രികാല സേവനത്തിന് കരാറടിസ്ഥാനത്തിൽ ഒരു ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവരെ നിയമിച്ച് വേതനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം ഡോ. ശരണ്യാ രവിയെ മുളന്തുരുത്തി സി.എച്ച്.സി പാലിയേറ്റീവ് കെയർ രാത്രികാല വാർഡിലേക്ക് ഡോക്ടറായി 28.12.21 മുതൽ 31.03.2022 വരെ കരാറടിസ്ഥാനത്തിൽ പ്രതിമാസം 50000/- രൂപ വേതനം നൽകി നിയമിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥയിലെ ക്രമനം. 11,12 പ്രകാരം നിയമിക്കപ്പെട്ട ജീവനക്കാർ കരാർ കാലാവധി

പൂർത്തിയാക്കുന്നതിനു മുൻപ് വിട്ടുതൽ ചെയ്യുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ പരാമർശിച്ചിട്ടുണ്ട്. ഇത് പ്രകാരം നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ നോട്ടീസ് നൽകാതെ ജോലി ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ ഒരു മാസത്തെ വേതന തുക തിരികെ ഈടാക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇവിടെ കരാർ കാലാവധി പൂർത്തിയാക്കാതെ 08.03.22 ൽ ഡോ. ശരണ്യാ രവി സേവനത്തിൽ നിന്നും വിട്ടുതൽ ചെയ്തു. ഈ സാഹചര്യത്തിൽ കരാർ വ്യവസ്ഥ പ്രകാരം ഈടാക്കേണ്ടതായ ഒരുമാസത്തെ വേതനമായ 50000/-രൂപ ടിയാളിൽ നിന്നും തിരിച്ചീടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി ഓഡിറ്റ് എൻക്വയറി (നം.5/20.03.23) നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ജീവനക്കാരുടെ കരാർ നിയമനത്തിൽ കരാറിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കേണ്ടതാണ്. ഇവിടെ കരാർ വ്യവസ്ഥകൾ ലംഘിച്ചതിനാൽ 50000/-രൂപ ടിയാൾ തിരിച്ചടക്കേണ്ടതാണ്. ആയതിനാൽ 50000/-രൂപ ഉത്തരവാദിയായ വ്യക്തിയിൽ നിന്നും തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് - ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി പൂത്തോട്ട നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് /നമ്പർ | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്/ 73/21-22 |
| അടങ്കൽ തുക | 300000/-(വികസന ഫണ്ട്) |
| ചെലവ് | 299951/- |
| ട്രഷറി റഫറൻസ് നം/തീയതി | 1)22267/-211106000000003073/17.08.21<br>2)28160/-211106000000003073/17.08.21<br>3)24300/-211106000000004809/13.10.21<br>4)6600/-211106000000005441/06.11.21<br>5)4920/-211106000000005441/06.11.21<br>6)6600/-211106000000005514/9.11.21<br>7)6600/-211106000000006578/23.12.21<br>8)7200/-211106000000007080/11.01.22<br>9)39800/-211106000000008150/16.02.22<br>10)92700/-211106000000008149/16.02.22<br>11)7200/-211106000000007945/09.02.22<br>12)14929/-211106000000008721/05.03.22<br>13)5700/-211106000000009357/22.03.22 |

മേൽ പദ്ധതി പ്രകാരം നിർവഹണോദ്യോഗസ്ഥ 299951/-രൂപ വിവിധ ബില്ലുകൾ പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ആയതിൽ വീ കെയർ സർജിക്കൽസ് എന്ന സ്ഥാപനത്തിന് 28160/-രൂപ മേൽ പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. ആയതിൽ 13786/-രൂപയുടെ സക്ഷൻ അപ്പാരറ്റസ് ¼ HP TOP SS മേൽ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതിന്റെ (ഇൻവോയിസ് നം.B3281/21,29.6.21) വൗച്ചർ മാത്രമേ പരിശോധനക്കായി ലഭ്യമായിട്ടുള്ളൂ. ബാക്കി 14374/-രൂപയുടെ വൗച്ചറുകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ബില്ലിലുള്ളതിനേക്കാൾ 14374/-രൂപ മേൽ സ്ഥാപനത്തിന് അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 6/20.3.23) മറുപടി ലഭ്യമായിട്ടില്ല. 14374/-രൂപയുടെ വൗച്ചറുകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 സി.എച്ച്.സി കീച്ചേരി-കായകൽപ അവാർഡിനുള്ള മുന്നൊരുക്കങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര്/നം | സി.എച്ച്.സി കീച്ചേരിയിൽ കായകൽപ അവാർഡിനുള്ള മുന്നൊരുക്കങ്ങൾ/153/21-22 |
| അടങ്കൽ തുക | 600000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് തുക | 600000/- |
| തുക/ട്രഷറി റഫറൻസ് നം. | 1) 23056/-211106000000008032/14.02.2022<br>2)111400/-(51300+50600+9500)-211106000000008032/14.02.22<br>3)34963/-211106000000008032/14.02.22<br>4)7300/-211106000000008032/14.02.22<br>5)23800/-211106000000008032/14.02.22<br>6)98000/-211106000000009343/22.03.22<br>7)65500/-211106000000009344/22.03.22<br>8)18468/-211106000000009619/26.03.22 |

| | |
|---|---|
| | 9)98000/-211106000000008681/05.03.2022<br>10)52403/-(5280/-)-211106000000008032<br>/14.02.2022<br>11) 14160/-211106000000008032/14.02.2022 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി കീച്ചേരി |

1)സി.എച്ച്.സി കീച്ചേരിയിൽ കായകൽപ അവാർഡിനുള്ള മുന്നൊരുക്കങ്ങൾ എന്ന പദ്ധതി പ്രകാരം 600000/-രൂപ വിവിധ ബില്ലുകൾ പ്രകാരം സി.എച്ച്.സിയിൽ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് മരാമത്ത് വർക്കുകൾക്കുമായി നിർവഹണോദ്യോഗസ്ഥൻ 2021-22 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ചുവടെ കൊടുത്തിരിക്കുന്ന 485767/-രൂപയുടെ പ്രവൃത്തികളെല്ലാം മരാമത്ത് പ്രവൃത്തികളാണ്. ഇവ എൽ.എസ്.ജി.ഡി എ.ഇയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ച് നിർവഹിക്കേണ്ട പ്രവൃത്തികളാണ്. എന്നാൽ ഇവ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് മിക്ക പ്രവൃത്തികളിലും എസ്റ്റിമേറ്റോ വാല്യുവേഷൻ സർട്ടിഫിക്കറ്റോ ഇല്ലാതെ യാണ് നടപ്പിലാക്കിയിരിക്കുന്നത്. കൂടാതെ മരാമത്ത് പ്രവൃത്തി ഏറ്റെടുത്തു നടത്തുമ്പോൾ പ്രവൃത്തി സംബന്ധിച്ചുള്ള അളവു പുസ്തകവും ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ആയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ,ചട്ടങ്ങൾ ,2012 ലെ കേരള പൊതുമരാമത്ത് (ജി.ഒ.(പി )13/2012/പി.ഡബ്ല്യു.ഡി /01.02.2012 എന്നിവ പ്രകാരം 1 ലക്ഷം രൂപക്ക് മുകളിലുള്ള മരാമത്ത് പ്രവൃത്തികളെല്ലാം ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കേണ്ടതാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന പ്രവൃത്തികളെല്ലാം ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കാതെയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തി സംബന്ധിച്ചുള്ള വിശദ വിവരംചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | നൽകിയ തുക /വ്യക്തി | വാല്യുവേഷൻ പ്രകാരം തുക |
|---|---|---|---|---|
| 1 | പ്ലംബിംഗ് & ഇലക്ട്രിക്കൽ വർക്ക്സ് | എസ്റ്റിമേറ്റ് ഇല്ല | 23056/-, വിനോദ്.എം.എം | വാല്യുവേഷൻ ഇല്ല |
| 1 | സി.എച്ച്.സി കോംമ്പൗണ്ട് വാൾ പുറം ചുവരുകൾ പെയിന്റിംഗ് & ഡ്രോയിംഗ് ചെയ്യുത് | എസ്റ്റിമേറ്റ് ഇല്ല | 51300/-,നിറം ഡിസൈൻസ് | 92885.36 |
| 2 | സി.എച്ച്.സി കോംമ്പൗണ്ട് വാൾ അകം ചുവരുകൾ പെയിന്റ് ചെയ്യുത് | എസ്റ്റിമേറ്റ് ഇല്ല | 50600/-നിറം ഡിസൈൻസ് | 60681 |
| 3 | ലാബ് ഫ്രന്റ്റൂമർ, ഓഫീസ് റൂമർ പെയിന്റിംഗ് | എസ്റ്റിമേറ്റ് ഇല്ല | 9500/-നിറം ഡിസൈൻസ് | 11003.24 |
| 4 | സ്റ്റിക്കർ സൈൻബോർഡ് സ്ഥാപിക്കൽ | എസ്റ്റിമേറ്റ് ഇല്ല | 34963/-,ഡ്രീം എന്റർപ്രൈസസ് മണികണ്ഠൻ | വാല്യുവേഷൻ ഇല്ല |
| 5 | വെൽഡിംഗ് &ഗ്രാസിംഗ് വർക്ക് | എസ്റ്റിമേറ്റ് ഇല്ല | 7300/-,സന്ദീപ് ടി.സജു | വാല്യുവേഷൻ ഇല്ല |
| 6 | അക്രിലിക് നെയിം വർക്ക് | എസ്റ്റിമേറ്റ് ഇല്ല | 23800/-ഗ്ലോബൽ ഡിസൈനിംഗ് | വാല്യുവേഷൻ ഇല്ല |
| 7 | സി.എച്ച്.സി പുതിയ കെട്ടിടത്തിന് പുറകുവശം ടൈൽ വിരിക്കൽ | എസ്റ്റിമേറ്റ് ഇല്ല | 98000/-,വിനോദ് എം.ഡി | 107024.23 |
| 8 | പെയിന്റിംഗ് ഓഫ് കോമ്പൗണ്ട് വാൾ,ഒ.പി ബ്ലോക്ക് വാൾ, ഗാർഡൻ കോമ്പൗണ്ട് വാൾ | 123431.00 | 98000/-ജോമിൻ ബെന്നി | വാല്യുവേഷൻ ഇല്ല. |
| 9 | സി,എച്ച്.സിയിൽ ഷെൽഫ് സ്ഥാപിക്കൽ | എസ്റ്റിമേറ്റ് ഇല്ല | 18468/-ബിനു പി,ജെ | വാല്യുവേഷൻ ഇല്ല |
| 10 | സി.എച്ച്.സി കീച്ചേരിയിൽ പുതിയ കെട്ടിടത്തിന് ഇരു വശവും ടൈൽ വിരിക്കൽ | എസ്റ്റിമേറ്റ് ഇല്ല | 65500/-,വിനോദ്എം.ഡി | 78025.603 |

| | | | | |
|---|---|---|---|---|
| 11 | സി.എച്ച്.സി യിലെ ചെടിച്ചട്ടികളും കസേരകളും പെയിന്റടിച്ചത് | എസ്റ്റിമേറ്റ് ഇല്ല | 5280/-,നൗഷാദ് | വാല്യുവേഷൻ ഇല്ല |
| | ആകെ തുക | | 485767/- | |

2) ബിൽ നം.11 പ്രകാരം 14160/-രൂപ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സി.എച്ച്.സിയിൽ എനർജി ഓഡിറ്റ് നടത്തിയ വകയിൽ അതുൽ എനർജി കൺസൾട്ടൻസ് പ്രൈ. ലിമിറ്റഡ് ,തൃശ്ശൂർ എന്ന സ്ഥാപനത്തിന് നിർവഹണോദ്യോഗസ്ഥൻ നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് നടത്തിയതുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റുകളോ മറ്റ് രേഖകളോ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കുവാനും ക്രമ നം.1 ലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/21.03.23) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതു വരെ ക്രമ നമ്പർ 1,2 ലെ ആകെ ചെലവ് തുകയായ 4,99,927/-(485767+14160)രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 നബാർഡ് അസിസ്റ്റൻസ് - തുക ചെലവഴിച്ചില്ല

മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ B4,ഷെഡ്യൂൾ പ്രകാരം നബാർഡിൽ നിന്നും ലഭിച്ച 2410380/-രൂപ 2021-22 വർഷത്തിൽ ചെലവഴിച്ചിട്ടില്ല. 2020-21ൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക തന്നെയാണ് ഈവർഷവും ബാക്കിയുള്ളത്. നബാർഡിൽ നിന്നും ലഭിച്ച പ്രത്യേക ഉദ്ദേശ ഗ്രാന്റ് പ്രോജക്ട് തയ്യാറാക്കി ചെലവാക്കാത്തതിനും, ചെലവഴിച്ച ശേഷം ബാക്കിയുള്ള തുകയാണെങ്കിൽ ആയത് ഗ്രാന്റ് ലഭ്യമാക്കിയ സ്ഥാപനത്തിന് തിരിച്ചടക്കാത്തതിനും വിശദീകരണം ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 08/20.03.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ, നബാർഡിൽ നിന്നും ലഭിച്ച തുക നിർദേശാനുസൃതം പ്രോജക്ട് തയ്യാറാക്കി ചെലവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 അലങ്കാര മത്സ്യക്കൃഷി- സബ്സിഡി നിരക്കിൽ അധികരിച്ച് തുക നൽകി

1)

| | |
|---|---|
| പദ്ധതിയുടെ പേര്/നം. | അലങ്കാര മത്സ്യക്കൃഷി-വനിതാ ഗുണഭോക്താക്കൾക്ക് സബ്സിഡി/138/21-22 |
| അടങ്കൽ തുക | 222000/-<br>102000/-(വികസനഫണ്ട്,പൊതു വിഭാഗം)+120000/-(മറ്റുള്ളവ) |
| ചെലവ് തുക | 96800/-(വികസന ഫണ്ട്,പൊതുവിഭാഗം) |
| ബിൽ നം./തീയതി | 80000/-<br>211106000000009699/27.03.22<br>12000/-<br>211106000000009598/26.03.22<br>4800/-,211106000000009697/31.03.22 |
| നിർവഹണോദ്യോഗസ്ഥൻ | ഇന്റസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ |

മേൽ പദ്ധതി പ്രകാരം വനിതാ ഗുണഭോക്താക്കൾക്ക് അലങ്കാര മത്സ്യകൃഷി നടത്തുന്നതിന്റെ ഭാഗമായി ടാങ്ക് പണിയുന്നതിനും മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും 4 ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയായി 80000/-(4*20000) രൂപയും പരിശീലനം നൽകുന്നതിനും മറ്റുമായി 16800/- രൂപയും ഉൾപ്പെടെ 96800/-രൂപ വിവിധ ബില്ലുകൾ പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ടി പദ്ധതിക്ക് അനുവദനീയമായ പരമാവധി യൂണിറ്റ് കോസ്റ്റ് 50000/-രൂപയും, അനുവദനീയമായ പരമാവധി സബ്സിഡി 40% ആണ്. എന്നാൽ ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിന് അനുവദനീയമായ സബ്സിഡി നിരക്കായ 40% ത്തിൽ അധികരിച്ച് തുക നിർവഹണോദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

2)

| | |
|---|---|
| പദ്ധതിയുടെ പേര്/നം. | അലങ്കാര മത്സ്യക്കൃഷി-പട്ടിക ജാതി വനിതാ ഗുണഭോക്താക്കൾക്ക് സബ്സിഡി/139/21-22 |
| അടങ്കൽ തുക | 459500/-<br>347000(വികസനഫണ്ട്-എസ്.സി.പി)+ 112500(മറ്റുള്ളവ) |
| ചെലവ് തുക | 250200/- (വികസന ഫണ്ട്-എസ്.സി.പി) |
| ബിൽ നം./തീയതി | 24000/-<br>211106000000009597/26.03.22<br>225000/-<br>211106000000009700/27.03.22 |

| | |
|---|---|
| | 1200/-,211106000000009698/31.03.22 |
| നിർവഹണോദ്യോഗസ്ഥൻ | ഇന്റസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ |

മേൽ പദ്ധതി പ്രകാരം പട്ടികജാതി 6 വനിതാഗുണഭോക്താക്കൾക്ക് അലങ്കാര മത്സ്യകൃഷി നടത്തുന്നതിന്റെ ഭാഗമായി ടാങ്ക് പണിയുന്നതിനും മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനുംസബ്സിഡി തുകയായി 225000/-(6*37500)രൂപയും പരിശീലനം നൽകുന്നതിനും മറ്റുമായി 25200/-രൂപയും ഉൾപ്പെടെ ആകെ 250200/-രൂപ വിവിധ ബില്ലുകൾ പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ടി പദ്ധതിക്ക് അനുവദനീയമായ പരമാവധി യൂണിറ്റ് കോസ്റ്റ് 50000/-രൂപയും, അനുവദനീയമായ പരമാവധി സബ്സിഡി 75% വും ആണ്. എന്നാൽ ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിന് അനുവദനീയമായ സബ്സിഡി നിരക്കായ 75% ത്തിൽ അധികരിച്ച് തുക നിർവഹണോദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾ - തുടർനടപടി സ്വീകരിച്ചില്ല

മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്ത് 2007-08 മുതൽ 2021-22 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിക്കും, വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് കേരള ഇലക്ട്രിസിറ്റി ബോർഡിനും നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കുന്നതിന് 24 എണ്ണത്തിന് 5492500/-രൂപ നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച പദ്ധതികൾ നാളിതുവരേയും പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവക്ക് തുക നൽകിയതിന്റെ രേഖകളോ, കരാറിന്റെ വിവരങ്ങളോ ബ്ലോക്ക്പഞ്ചായത്തിൽ ലഭ്യമല്ല. കൂടാതെ, ബ്ലോക്ക്പഞ്ചായത്ത് 2013-14, 2015-16 വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്ക് വിവിധ നിക്ഷേപ പ്രവൃത്തികൾ നിർവഹിക്കുന്നതിനായി നൽകിയതിൽ 4 എണ്ണത്തിന്റെ ചെലവാകാതെ ബാക്കി വന്ന തുക ബ്ലോക്ക്പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. മേൽ വിഷയത്തിൽ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 18/21.03.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ, കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തേണ്ടതും, പദ്ധതി ചെലവിന്റെ ബാക്കി തുക ബ്ലോക്ക്പഞ്ചായത്ത് അക്കൗണ്ടിലേക്ക് വരവ് വെയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിട്ടുള്ള പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | പ്രോജക്ട് നം , പേര് | അടങ്കൽ , ഫണ്ട് | നിർവ്വഹണ ഏജൻസി | ബിൽ, തീയതി, | നല്കിയ തുക |
|---|---|---|---|---|---|
| 1 | S04/22, ഐകെഎം വിഹിതം നൽകൽ | 40000/- വികസനഫണ്ട് പൊതുവിഭാഗം | ഐകെഎം, തിരുവനന്തപുരം | 10 /24.05.21 | 37984/- |
| 2 | S0142/22, എടക്കാട്ടുവയൽവാർഡ് 10 വട്ടപ്പാറ-കണ്ടോത്തി നിരപ്പ് റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 500000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പിഎച്ച് ഡിവിഷൻ, മൂവാറ്റുപുഴ | 333 /16.03.22 | 500000/- |
| 3 | S0145/22, എടക്കാട്ടുവയൽ ഊഴക്കോട് കൊല്ലംനിരപ്പ് പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 500000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പിഎച്ച് ഡിവിഷൻ, മൂവാറ്റുപുഴ | 426 /30.03.22 | 500000/- |
| 4 | S0155/22, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് – പൈപ്പ് ലൈനുകളിൽ വാൽവ് സ്ഥാപിക്കൽ | 840000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചി | 168 /15.02.22 | 840000/- |
| 5 | S0131/22, ആമ്പല്ലൂർ വാർഡ് 3 | 840000/- ധനകാര്യ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, | 170 /15.02.22 | 840000/- |

| | | | | | |
|---|---|---|---|---|---|
| | സർപ്പക്കാവ് റെയിൽവേ ഗേറ്റ് – പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കമ്മീഷൻ ഗ്രാന്റ് – 840000/- | കേരള വാട്ടർ അതോറിറ്റി, പിഎച്ച് ഡിവിഷൻ, മൂവാറ്റുപുഴ | | |
| 6 | S0887/22, ഉദയംപേരൂർ വാർഡ് 8 പത്താംമൈൽ – പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 238000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 840000/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പിഎച്ച് ഡിവിഷൻ, മൂവാറ്റുപുഴ | 171 /24.11.21 | 238000/- |

മേൽ പ്രോജക്ടുകൾ പ്രകാരം 29,55,984/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുവാനുണ്ട്. ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 21.03.2023 ൽ നല്കിയ 15ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയായ 29,55,984/-രൂപ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 വജ്രജൂബിലി ഫെലോഷിപ്പ് - അനുബന്ധറിപ്പോർട്ട് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S005/22 |
| പ്രോജക്ട് | വജ്രജൂബിലി ഫെലോഷിപ്പ് (അഡീഷണൽ ഷെയർ) |
| അടങ്കൽ, ഫണ്ട് | 180000/- (വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 180000/- |
| ബിൽ നം./ തിയതി | 09/21.06.21 – 45000/-<br>20/30.09.21 – 45000/-<br>31/15.02.22 – 45000/-<br>32/15.02.21 – 45000/- |
| നിർവഹണം | സെക്രട്ടറി |

വജ്രജൂബിലി ഫെലോഷിപ്പ് (അഡീഷണൽ ഷെയർ) പദ്ധതിയിൽ കലാരംഗത്ത് സംസ്ഥാന സർക്കാരിന്റെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്ന ലിജിനേഷ് എൻ റ്റി, ബാലൈ രാജൻ, സുനിത എ പി എന്നീ കലാകാരൻമാർക്ക് പ്രതിമാസം 5000/- രൂപ വീതം നൽകിയിട്ടുണ്ട്. 14.02.2018ലെ സ. ഉ. (കൈ) 22/2018/ത.സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തോട് ബന്ധപ്പെട്ട് കലാഅഭ്യസനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്താൻ സന്നദ്ധരാകുന്ന കലാകാരൻമാർക്ക് സംസ്ഥാന സർക്കാർ ധനസഹായത്തിന് പുറമെ പ്രതിമാസം 5000/-രൂപ വീതം നൽകി അവരുടെ കലാസപര്യയുടെ പ്രയോജനം തദ്ദേശ സ്ഥാപന പ്രദേശത്ത് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ, മേൽ സൂചിപ്പിച്ച പദ്ധതിയിൽ 3 കലാകാരൻമാർക്ക് അഡീഷണൽ ഫെലോഷിപ്പ് നൽകിയതിന്റെ ബില്ലുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

മേൽ സൂചിപ്പിച്ച കലാകാരൻമാരുടെ സേവനം പ്രയോജനപ്പെടുത്തി 2021-22 വർഷത്തിൽ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ/രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13/23.03.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ, ലിജിനേഷ് എൻ റ്റി, ബാലൈ രാജൻ, സുനിത എ പി എന്നീ കലാകാരൻമാരുടെ കലാസപര്യ ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്ത് പ്രയോജനപ്പെടുത്തുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദമായ റിപ്പോർട്ട്/രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 ഔദ്യോഗിക വാഹന അപകടം ഇൻഷ്വറൻസ് ക്ലെയിം സംബന്ധിച്ച്

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ KL39C-9009 മഹീന്ദ്ര സൈലോ 12.07.2021ൽ അപകടത്തിൽപ്പെട്ടതിനെ തുടർന്ന് താഴെപ്പറയുന്ന ചെലവുകൾ നടത്തിയിട്ടുള്ളതാണ്.

| ക്രമ നം. | ചെലവ് തുക | ചെക്ക് നം | റിമാർക്സ് |
|---|---|---|---|
| 1 | 13500 | 5481375/25.06.21 | ജെ.സി.ബി വാടകയുമായി അടച്ചതുക |
| 2 | 2700 | 5481390/05.08.21 | വാഹനം ഇൻഷ്വറൻസ് സർവ്വേയുടെ പരിശോധനക്ക് ക്രയിൻ ഉപയോഗിച്ച് കൊണ്ടുപോയതിനുള്ള ചെലവ് |
| 3 | 123810 | 5481619/30.11.21 | അപകടത്തിൽപ്പെട്ടതിനെ തുടർന്നുള്ള അറ്റകുറ്റപ്പണികൾക്കായി |

| | | | |
|---|---|---|---|
| | | | റിലൈൻസ് ഓട്ടോമൊബൈൽസിനു നൽകിയത്. |

പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം അപകടത്തിൽപ്പെട്ടതിനെ തുടർന്നുള്ള അറ്റകുറ്റപ്പണികൾക്കായി റിലൈൻസ് ഓട്ടോമൊബൈൽസിനു നൽകിയ തുകയും, ജെ.സി.ബി വാടകയ്ക്കുമായി ചെലവായ തുകയും, ഇൻഷ്വറൻസ് സർവ്വയറുടെ പരിശോധനക്ക് ക്രയിൻ ഉപയോഗിച്ചതിന്റെ ചെലവും ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ നിന്നും എടുക്കുവാനും, ഇൻഷ്വറൻസ് ക്ലെയിം തുക ലഭിക്കുമ്പോൾ ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനും 10.11.21 ലെ 4(2) കമ്മറ്റി തീരുമാനപ്രകാരം നിശ്ചയിച്ചിരുന്നു. ചെലവ് തുക ഇൻഷ്വറൻസ് ക്ലെയിമിലൂടെ തിരികെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 10/21-03-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച തുകകൾ ഇൻഷ്വറൻസ് ക്ലെയിമിലൂടെ തിരികെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-25 വാഹന റിപ്പയർ

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.06.2007 ലെ സർക്കാർ ഉത്തരവ് (എ.എസ്) നം 170/2007 പ്രകാരം വാഹനങ്ങളുടെ റിപ്പയറിംങ് & മെയിന്റനൻസ് സംബന്ധിച്ച് നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 02-08-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് ഔദ്യോഗിക വാഹനമായ KL 39 C 9009 നം വാഹനത്തിന്റെ റിപ്പയറിങ്ങുമായി ബന്ധപ്പെട്ട് വൗച്ചർ നം 22100674 തീയതി 17/3/22, ചെക്ക് നം 5481662 തീയതി 16/3/22, എന്നിവ പ്രകാരം 18530/-രൂപ, തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. പ്രതീക്ഷിത ചെലവ് 10000/- രൂപക്ക് മുകളിലുള്ള എല്ലാ ചെലവുകളും മത്സരാധിഷ്ഠിത ക്വട്ടേഷൻ മുഖേന മാത്രം നടത്തേണ്ടതും, പ്രതീക്ഷിത ചെലവ് എഞ്ചിനീയർ കണക്കാക്കേണ്ടതാണെന്നുമിരിക്കെ 3 സ്ഥാപനങ്ങളിലെ ബിൽ പ്രകാരമാണ് തുക നൽകി കാണുന്നത്. ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. മേൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 12/21-03-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാഹനങ്ങളുടെ റിപ്പയറിംങ് & മെയിന്റനൻസുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ഇ-ടെണ്ടർ ഫീസ് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിച്ചില്ല

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 17.08.17 ലെ ഡിബി1/7942/2010/സി ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം നിലവിൽ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വകുപ്പ് മേധാവികളും (ഗ്രാമ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും) എസ്.ബി.ഐ ശാഖയിൽ ഔദ്യോഗിക മേൽ വിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും, നിലവിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് ഉള്ളപക്ഷം ആയത് ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണെന്നും, എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് ഈ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലായെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ ടി ആവശ്യത്തിനായി അസി.എക്സി. എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ മുളന്തുരുത്തി ശാഖയിൽ നിലവിലുണ്ടായിരുന്ന കറന്റ് അക്കൗണ്ടാണ് ഉപയോഗിച്ചു വരുന്നത്(നം. 67176171423). പ്രസ്തുത അക്കൗണ്ടിന്റെ 28.5.2019 മുതലുള്ള സ്റ്റേറ്റ്മെന്റാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. തന്മൂലം ഇ-ടെണ്ടർ ഇനത്തിലുള്ള തുക ഏത് തീയതി മുതൽ ലഭിച്ചു എന്നത് ഓഡിറ്റിൽ വ്യക്തമല്ല. പ്രസ്തുത തീയതിയിലെ മുന്നിരുപ്പ് 690418/-രൂപയാണ്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ടി അക്കൗണ്ടിൽ തനത് ഫണ്ട് ഉൾപ്പെടെയുള്ള മറ്റ് പണമിടപാടുകളും നടത്തുന്നതായി കാണുന്നു. പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ ഇനവിവരം വ്യക്തമല്ല. ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുകയിൽ നിന്നും 692658/- രൂപ 10.12.2019 ൽ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് നൽകിയിട്ടുണ്ട്. (എന്നാലിതിന്റെ കണക്ക് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.) തുടർന്ന് യാതൊരു തുകയും ബ്ലോക്കിലേയ്ക്ക് നൽകിയിട്ടില്ല. പ്രസ്തുത അക്കൗണ്ടിലെ 16.3.23 ലെ നീക്കിയിരുപ്പ് 510574/-രൂപയാണ്. പ്രതിമാസ/പ്രതിവർഷ ഓർഗനൈസേഷൻ കളക്ഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് ഇ ടെണ്ടർ ഇനത്തിൽ ലഭ്യമായ തുക എത്രയെന്ന് കണക്കാക്കി പ്രസ്തുത തുക ബ്ലോക്ക് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

ബാങ്ക് ചാർജ്ജ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും 28.5.2019 മുതൽ നാളിതുവരെ 2905/-രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ഇ-ടെണ്ടർ തുക ക്രെഡിറ്റ് ആകുന്നതിന് മുമ്പുള്ള കാലയളവിൽ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുക അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത് എറണാകുളം എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ്. എന്നാൽ ടി അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുകയുടെ വിവരവും, തിരികെ ലഭ്യമാക്കിയ തുകയുടെ വിവരവും ഓഡിറ്റിൽ പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/21-22) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 ലഭ്യമായ ഫണ്ടുകൾ യഥാസമയം വിനിയോഗിക്കപ്പെടുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന് മുൻ വർഷങ്ങളിൽ പ്രത്യേക പദ്ധതികൾക്കായി ലഭിച്ച തുക യഥാസമയം ചെലവഴിക്കാതിരുന്നത് മൂലം നിലവിലും വിവിധ അക്കൗണ്ടുകളിൽ നീക്കിയിരുപ്പായി നിലനിൽക്കുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

1) ഐ.സി.ഡി.എസ് - സ്പെഷ്യൽ ന്യൂട്രിഷൻ പ്രോഗ്രാം (കേന്ദ്ര വിഹിതം)

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഐ.സി.ഡി.എസ് പോഷകാഹാര പരിപാടിയുടെ 2011-12 വരെയുള്ള കാലയളവിലെ കേന്ദ്ര വിഹിതമായി ലഭിച്ച തുക നിക്ഷേപിച്ചിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.ബി.ഐ, കാഞ്ഞിരമറ്റം ശാഖയിലുള്ള അക്കൗണ്ടിലാണ്.(അക്കൗണ്ട് നം. 31213289159) പ്രസ്തുത അക്കൗണ്ടിൽ നിന്നും അവസാന ചെലവ് നടത്തിയിട്ടുള്ളത് 27.3.2018 ലാണ്. ടി അക്കൗണ്ടിലെ 31.3.22 ലെ നീക്കിയിരുപ്പ് (പലിശ ഉൾപ്പെടെ) 866839 /- രൂപയാണ്.

ലഭ്യമായ തുക ഇത്രയും കാലം വിനിയോഗിക്കാതിരുന്നതിനും, ശേഷിച്ച തുക തിരികെ ഒടുക്കാതിരുന്നതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

2) നിർമ്മൽ പുരസ്കാരം

ശുചിത്വ മിഷനിൽ നിന്നും നിർമ്മൽ പുരസ്കാരം അവാർഡായി 08.03.2010 ൽ ലഭിച്ച 19 ലക്ഷം രൂപ (ഡി.ഡി നം. 559322/08.03.2010) ബ്ലോക്ക് പഞ്ചായത്തിന്റെ കാനറ ബാങ്ക്, മുളന്തുരുത്തി ശാഖയിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. പ്രസ്തുത അക്കൗണ്ടിലെ 31.03.22 ലെ നീക്കിയിരുപ്പ് (പലിശ ഉൾപ്പെടെ) 1812195/- രൂപയാണ്.

2009-10 സാമ്പത്തിക വർഷം ലഭിച്ച 19 ലക്ഷം രൂപയിൽ നിന്നും നാളിതു വരെ 1028864/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ടി ഇനത്തിലുള്ള ആദ്യ ചെലവ് നടത്തിയിട്ടുള്ളത് തന്നെ 23.11.2017 ൽ മാത്രമാണ്. പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുക ചെലവ് ചെയ്യുന്നതിലുണ്ടായിട്ടുള്ള കാലതാമസ്സത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ടി വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നം.14/21-22 മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-28 കാന നിർമ്മാണ പ്രവൃത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ്

ബ്ലോക്ക്പഞ്ചായത്തിൽ തൻവർഷം ചെയ്തിട്ടുള്ള കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിരിക്കുന്ന നിരക്ക് DSoR 2016 C.I – 39.89% പ്രകാരം 520.36/m3 രൂപയും, DSoR 2018 C.I – 35.59% പ്രകാരം 764.77/m3 രൂപയുമാണ്(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം , കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് യഥാക്രമം 243.91/m3, 358.50/m3 (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1) ആണ്. *{പ്രസ്തുത നിരക്ക് തന്നെയാണ് (കോഡ് 3.5.1) ഈ കാലയളവിൽ മറ്റ് പഞ്ചായത്തുകളിലും നൽകിയിട്ടുള്ളത്. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് 22-23 വർഷത്തിൽ നടപ്പാക്കിയിട്ടുള്ള ഊരകം ചതുരക്കല്ല് റോഡിന്റെ സൈഡ് കാന നിർമ്മാണം (പ്രൊ.നം. 156/23) എന്ന പ്രവൃത്തിയ്ക്കും 3.5.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്}.* ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യാനും അതു വഴി 62804/-രൂപയുടെ അധിക ചെലവിനുമിടയാക്കി. വിശദ വിവരം ഭാഗം 3-2 ൽ ചേർത്തിട്ടുണ്ട്.

1-29 എൽ.എസ്.ജി.ഡി സബ് ഡിവിഷൻ ഓഫീസ് ചെലവ് (62/22) – അധിക തുക ചെലവഴിച്ചു

നിർവ്വഹണം - അസി.എഞ്ചിനിയർ

എൽ.എസ്.ജി.ഡി സബ് ഡിവിഷൻ ഓഫീസിലെ 9/21 ലെ ടെലഫോൺ ബിൽ തുകയുടെ ഇൻവോയ്സിൽ (തീയതി 03.10.21) പ്രസ്തുത മാസത്തെ ബിൽതുക 1238/-രൂപയും 8/21(മുൻമാസത്തെ) കുടിശ്ശിക തുക 1214/-രൂപയും ഉൾപ്പെടെ 2452/- രൂപ ഒടുക്കുവാനുള്ളതായി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2452/-രൂപ 20.10.21 ൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ 8/21 ലെ ഇൻവോയ്സ് , ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത മാസത്തെ 1214/-രൂപ 18.09.21 ൽ തന്നെ പിൻവലിച്ചിട്ടുള്ളതാണെന്ന് കാണുന്നു. ആയതിനാൽ അധികമായി പിൻവലിച്ച 1214/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തുക ഒടുക്കിയ രസീത് ഹാജരാക്കിയിട്ടില്ല

എൽ.എസ്.ജി.ഡി സബ് ഡിവിഷൻ ഓഫീസിലെ ടെലഫോൺ ബിൽ തുക ഒടുക്കുന്നതിനായി താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ക്യാഷ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | മാസം | തുക | തുക മാറിയ തിയതി |
|---|---|---|---|
| 1 | 6/21 | 1249 | 2206/19.07.21 |
| 2 | 7/21 | 1239 | 2904/13.08.21 |
| 3 | 8/21 | 1214 | 4052/18.09.21 |
| 4 | 9/21 | 2452 | 4912/20.10.21 |
| 5 | 10/21 | 1214 | 5676/18.11.21 |
| | ആകെ | 7368 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/21-22) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഓഡിറ്റിൽ നിരാകരിച്ച 1214/-രൂപ കുറവ് ചെയ്ത് ശേഷിച്ച 6154/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുകകൾ ഒടുക്കിയതിന്റെ രസീത് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

### 1-30 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|
| 1 | ആമ്പല്ലൂർ എസ്.സി കോളനി റോഡ് റീടാറിംഗ്.(51/22) ബിജുകുമാർ പി.എ.സി - 410143/- പ്രവൃതതിമൂല്യം - 199653/- ബിൽ നം. 8932/10.3.22 | 23.11.21<br>7.12.21 | 14.12.21 | 4101 |
| 2 | സി.എച്ച്.സി കീച്ചേരി വാക്സിൻ കേന്ദ്രത്തിന് മുമ്പിൽ ഷീറ്റിടൽ (76/22) പ്രഹ്ളാദൻ .എം.ആർ പി.എ.സി - 356189/- പ്രവൃതതിമൂല്യം - 396898/- ബിൽ നം. 5125/28.10.21 | സെലക്ഷൻ നോട്ടീസ് ഇല്ല ടെണ്ടർ അംഗീകരിച്ച തീയതി 14.6.21 | 7.10.21 | 3562 |
| | ആകെ | | | 7663 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കവാനും, പിഴ ഇനത്തിൽ ഈടാക്കേണ്ട7663/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/21-22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുകയുടെ ഒടുക്ക വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

### 1-31 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ബ്ലോക്ക് പഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(2) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(3) ടെണ്ടർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ

പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(4) പ്രിലിമിനറി എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്കായി സൂക്ഷിച്ചിരിക്കുന്നു.

(5) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(6) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(7) ഭൂരിഭാഗം ഫയലുകളിലും കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(2) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(3) ടെണ്ടർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(4) പ്രിലിമിനറി എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്കായി സൂക്ഷിച്ചിരിക്കുന്നു.

(5) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(6) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(7) ഭൂരിഭാഗം ഫയലുകളിലും കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല.

(8) മോണിറ്ററിംഗ് റിപ്പോർട്ട് പൂർണ്ണമല്ല. റിപ്പോർട്ടിൽ ആവശ്യമായ വിവരങ്ങളൊന്നും രേഖപ്പെടുത്താതെ അസി.എക്സി.എഞ്ചിനിയറുടെ ഒപ്പ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/21-22)നിർവ്വഹണ ഉദ്യോഗസ്ഥയായ് അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

(8) മോണിറ്ററിംഗ് റിപ്പോർട്ട് പൂർണ്ണമല്ല. റിപ്പോർട്ടിൽ ആവശ്യമായ വിവരങ്ങളൊന്നും രേഖപ്പെടുത്താതെ അസി.എക്സി.എഞ്ചിനിയറുടെ ഒപ്പ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/21-22)നിർവ്വഹണ ഉദ്യോഗസ്ഥയായ് അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-32 ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തില്ല

2021-22 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18%

ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നല്കേണ്ടത്. എന്നാൽ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | |
|---|---|---|---|---|
| | | | ബാരൽ വില | ജി.എസ്.ടി |
| 1 | കനാൽ ബണ്ട് -നീറാം മുകൾ ചർച്ച് റോഡ് റീടാറിംഗ് (42/22) നോയൽ രാജു<br>എം.ബുക്ക്- 273/21-22<br>പ്രവൃത്തി മൂല്യം - 499874/- | 24 | 5712 | 1032 |
| 2 | ആമ്പല്ലൂർ എസ്.സി കോളനി റോഡ് റീടാറിംഗ് (51/22) ബിജു കുമാർ<br>എം.ബുക്ക്- 217/21-22<br>പ്രവൃത്തി മൂല്യം - 199653/-<br>ബിൽ നം. 8932/10.3.22 | 9 | 2142 | 387 |
| | ആകെ | | 7854 | 1419 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി (ബാരൽ വില തുക ചെലവഴിച്ച ഫണ്ടിൽ) വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/21-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അലങ്കാര മത്സ്യക്കൃഷി- സബ്സിഡി നിരക്കിൽ അധികരിച്ച് തുക നൽകി

1)

| | |
|---|---|
| പദ്ധതിയുടെ പേര്/നം. | അലങ്കാര മത്സ്യക്കൃഷി-വനിതാ ഗുണഭോക്താക്കൾക്ക് സബ്സിഡി/138/21-22 |
| അടങ്കൽ തുക | 222000/-<br>102000/-(വികസനഫണ്ട്,പൊതു വിഭാഗം)+120000/-(മറ്റുള്ളവ) |
| ചെലവ് തുക | 96800/-(വികസന ഫണ്ട്,പൊതുവിഭാഗം) |
| ബിൽ നം./തീയതി | 80000/-<br>211106000000009699/27.03.22<br>12000/-<br>211106000000009598/26.03.22<br>4800/-,211106000000009697/31.03.22 |
| നിർവഹണോദ്യോഗസ്ഥൻ | ഇന്റസ്ട്രിയൽ എക്സ്ടെൻഷൻ ഓഫീസർ |

മേൽ പദ്ധതി പ്രകാരം വനിതാഗുണഭോക്താക്കൾക്ക് അലങ്കാര മത്സ്യകൃഷി നടത്തുന്നതിന്റെ ഭാഗമായി ടാങ്ക് പണിയുന്നതിനും മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും 4 ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയായി 80000/-(4*20000) രൂപയും പരിശീലനം നൽകുന്നതിനും മറ്റുമായി 16800/- രൂപയും ഉൾപ്പെടെ 96800/- രൂപ വിവിധ ബില്ലുകൾ പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ടി പദ്ധതിക്ക് അനുവദനീയമായ പരമാവധി യൂണിറ്റ് കോസ്റ്റ് 50000/- രൂപയും, അനുവദനീയമായ പരമാവധി സബ്സിഡി 40% ആണ്.എന്നാൽ ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിന് അനുവദനീയമായ സബ്സിഡി നിരക്കായ 40% ത്തിൽ അധികരിച്ച് തുക നിർവഹണോദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. മാർഗരേഖക്ക് വിരുദ്ധമായി നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതിയുടെ ഭാഗമായി 4 ഗുണഭോക്താക്കൾക്ക് 23.3.22 മുതൽ 25.3.22 വരെപരിശീലനം നൽകിയതിനും ഉദ്ഘാടന ചടങ്ങിനുമായി

കേരള അക്വാ വെഞ്ചർ ഇന്റർനാഷണൽ ലിമിറ്റഡ്,ആലുവ എന്ന സ്ഥാപനത്തിന് 16800/- രൂപ ( 4200/-രൂപ വീതം ഒരാൾക്ക് ) അധികം നൽകിയിട്ടുണ്ട്. മാർഗരേഖക്ക് വിരുദ്ധമായി 16800/-രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/21.3.23) മറുപടി ലഭ്യമായിട്ടില്ല.
2)

| | |
|---|---|
| പദ്ധതിയുടെ പേര്/നം. | അലങ്കാര മത്സ്യക്വഷി-പട്ടിക ജാതി വനിതാ ഗുണഭോക്താക്കൾക്ക് സബ്സിഡി/139/21-22 |
| അടങ്കൽ തുക | 459500/-<br>347000(വികസനഫണ്ട്-എസ്.സി.പി)+<br>112500(മറ്റുള്ളവ) |
| ചെലവ് തുക | 250200/- (വികസന ഫണ്ട്-എസ്.സി.പി) |
| ബിൽ നം./തീയതി | 24000/-<br>211106000000009597/26.03.22<br>225000/-<br>211106000000009700/27.03.22<br>1200/-,211106000000009698/31.03.22 |
| നിർവഹണോദ്യോഗസ്ഥൻ | ഇന്റസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ |

മേൽ പദ്ധതി പ്രകാരം പട്ടികജാതി 6 വനിതാഗുണഭോക്താക്കൾക്ക് അലങ്കാര മത്സ്യക്വഷി നടത്തുന്നതിന്റെ ഭാഗമായി ടാങ്ക് പണിയുന്നതിനും മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനുംസബ്സിഡി തുകയായി 225000/-(6*37500) രൂപയും പരിശീലനം നൽകുന്നതിനും മറ്റുമായി 25200/-രൂപയും ഉൾപ്പെടെ ആകെ 250200/-രൂപ വിവിധ ബില്ലുകൾ പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ടി പദ്ധതിക്ക് അനുവദനീയമായ പരമാവധി യൂണിറ്റ് കോസ്റ്റ് 50000/-രൂപയും, അനുവദനീയമായ പരമാവധി സബ്സിഡി 75%വും ആണ്. എന്നാൽ ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിന് അനുവദനീയമായ സബ്സിഡി നിരക്കായ 75% ത്തിൽ അധികരിച്ച് തുക നിർവഹണോദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. മാർഗരേഖക്ക് വിരുദ്ധമായി നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതിയുടെ ഭാഗമായി 6 ഗുണഭോക്താക്കൾക്ക് 23.03.22 മുതൽ 25.03.22 വരെ പരിശീലനം നൽകിയതിനും ഉദ്ഘാടന ചടങ്ങിനുമായി കേരള അക്വാ വെഞ്ചർ ഇന്റർനാഷണൽ ലിമിറ്റഡ്,ആലുവ എന്ന സ്ഥാപനത്തിന് 25200/-രൂപ ( 4200/-രൂപ വീതം ഒരാൾക്ക് ) അധികം നൽകിയിട്ടുണ്ട്. മാർഗരേഖക്ക് വിരുദ്ധമായി 25200/-രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24/21.03.23) മറുപടി ലഭ്യമായിട്ടില്ല.

3) പദ്ധതി മാർഗ രേഖപ്രകാരം ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തദ്ദേശസ്വയംഭരണ സ്ഥാപന അസിസ്റ്റന്റ് എൻജിനീയർ സർട്ടിഫൈ ചെയ്യണം. മേൽ രണ്ട് പദ്ധതികളിലും എസ്ററിമേറ്റ്,പ്ലാൻ എന്നിവ തയ്യാറാക്കി എ.ഇ സാക്ഷ്യപ്പെടുത്തിയിട്ടില്ല തുക നൽകിയിരിക്കുന്നത്. ഇതിൽ ക്രമ നം. 1 പ്രകാരമുള്ള പദ്ധതി പ്രകാരമുള്ള എൽസി ജേക്കബ് എന്ന ഗുണഭോക്താവ് പദ്ധതി നടപ്പിലാക്കാതെ വിദേശത്തേക്ക് പോയതിനാൽ ടിയാൾക്ക് നൽകിയ ഗുണഭോക്തൃ വിഹിതം 20000/-രൂപയും പരിശീലന ചെലവായ 3500/-രൂപയും ഉൾപ്പെടെ ആകെ 23500/- (20000+3500) രൂപ രസീത് നം. 12204050000/28.01.22, 122040400001/122040400001/28.05.22 രസീത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്.ആയത് വികസന ഫണ്ടിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ക്രമ നം.1, 2 പ്രകാരം കേരള അക്വാ വെഞ്ചർ ഇന്റർനാഷണൽ ലിമിറ്റഡ്, ആലുവ എന്ന സ്ഥാപനത്തിന് നൽകിയ 42000/-രൂപയിൽ 3500/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിനാൽ ബാക്കി 38500/-രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 38500/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 കാന നിർമ്മാണ പ്രവൃത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ്

ബ്ലോക്ക്പഞ്ചായത്തിൽ തൻവർഷം ചെയ്തിട്ടുള്ള കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിരിക്കുന്ന നിരക്ക് DsoR 2016 C.I – 39.89% പ്രകാരം 520.36/m3 രൂപയും, DsoR 2018 C.I – 35.59% പ്രകാരം 764.77/m3 രൂപയുമാണ്(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്). ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് യഥാക്രമം 243.91/m3, 358.50/m3 (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1) ആണ്. {പ്രസ്തുത നിരക്ക് തന്നെയാണ് (കോഡ് 3.5.1) ഈ കാലയളവിൽ മറ്റ് പഞ്ചായത്തുകളിലും നൽകിയിട്ടുള്ളത്. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് 22-23 വർഷത്തിൽ നടപ്പാക്കിയിട്ടുള്ള ഊരകം ചതുരക്കല്ല് റോഡിന്റെ സൈഡ് കാന നിർമ്മാണം (പ്രൊ.നം. 156/23) എന്ന പ്രവൃത്തിയ്ക്കും 3.5.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്}. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യാനും അതു വഴി 58798/-രൂപയുടെ അധിക ചെലവിനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ കരാറുകാരൻ | ചെയ്ത പ്രവൃത്തിയുടെ അളവ്, | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവ് വിവരം/ അളവ് ബുക്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | അനുവദിച്ചതുക | | | |
| 1 | അറക്കപ്പറമ്പ് ചെത്തുരത്തി കാന നിർമ്മാണം - ഉദയംപേരൂർ (95/22) കെ.ടി.തോമസ് | 68.085 M3 @520 = 35404 (0.069% കുറവ്) | 68.085 M3 @243.74 = 16595 (0.069% കുറവ്) | 18809 + 12% ജി.എസ്.ടി - 21066/- | 325/15.3.22 - 671936/- എം.ബുക്ക് - 271/21-22 |
| 2 | പൊക്കപ്പുറത്ത് കമ്പിവേലിക്കകം കാന നിർമ്മാണം - ഉദയംപേരൂർ (36/22) മനോജ് കുമാർ.എം.ആർ | 35.14 M3 @520.36 = 20114 (10% കൂടുതൽ) | 35.14 M3 @243.91 = 9428 (10% കൂടുതൽ) | 10686 + 12% ജി.എസ്.ടി - 11968/- | 378/24.3.22 - 502721/- എം.ബുക്ക് - 246/21-22 |
| 3 | പുതുക്കുളങ്ങര കോളനി കാന നിർമ്മാണം ഒന്നാം ഘട്ടം (159/22) കെ.ടി.തോമസ് | 39.6 M3 @764.77 = 26469/- (12.6% കുറവ്) | 39.6 M3 @358.50 = 12408/- (12.6% കുറവ്) | 14061+ 12% ജി.എസ്.ടി - 15748/- | 418/30.3.22 - 381695/- എം.ബുക്ക് - 301/21-22 |
| 4 | പുതുക്കുളങ്ങര കോളനി കാന നിർമ്മാണം രണ്ടാം ഘട്ടം (164/22) കെ.ടി.തോമസ് | 35.262 M3 @764.77 = 23569 /- (12.6% കുറവ്) | 35.262 M3 @358.50 = 11049 /- (12.6% കുറവ്) | 12520 + 12% ജി.എസ്.ടി - 14022/- | 9860/31.3.22 - 338181/- എം.ബുക്ക് - 304/21-22 |
| | ആകെ | | | 62804 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/21-22) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അധികം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-3 എൽ.എസ്.ജി.ഡി സബ് ഡിവിഷൻ ഓഫീസ് ചെലവ് (62/22) – അധിക തുക ചെലവഴിച്ചു

നിർവ്വഹണം - അസി.എഞ്ചിനിയർ

എൽ.എസ്.ജി.ഡി സബ് ഡിവിഷൻ ഓഫീസിലെ 9/21 ലെ ടെലഫോൺ ബിൽ തുകയുടെ ഇൻവോയ്സിൽ (തീയതി.03.10.21) പ്രസ്തുത മാസത്തെ ബിൽതുക 1238/-രൂപയും 8/21(മുൻമാസത്തെ) കുടിശ്ശിക തുക 1214/-രൂപയും ഉൾപ്പെടെ 2452/-രൂപ ഒടുക്കുവാനുള്ളതായി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2452/-രൂപ 20.10.21 ൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ 8/21 ലെ ഇൻവോയ്സ് , ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത മാസത്തെ 1214/- രൂപ 18.09.21 ൽ തന്നെ പിൻവലിച്ചിട്ടുള്ളതാണെന്ന് കാണുന്നു. ആയതിനാൽ അധികമായി പിൻവലിച്ച 1214/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 2021-22 ഓഡിറ്റിനോടൊപ്പമാണ് കണക്കുകൾ പരിശോധിച്ചത് |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 294000 | പി.എം.എ,വൈ ഭവനനിർമ്മാണം | 294000 | 0 |
| | 2021-22 | 1000000 | തോട്ടറ പുഞ്ച സമഗ്രവികസനം | 1000000 | 0 |
| | 2021-22 | 295592 | മാമോഗ്രാം യൂണിറ്റ് | 295592 | 0 |

| | | | | | |
|---|---|---|---|---|---|
| | | | CHC മുളന്തുരുത്തി | | |
| ആകെ | | 1589592 | | 1589592 | |
| എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് | 2021-22 | 128847 | തോട്ടറ പുഞ്ചസമഗ്രവികസനം | 128847 | 0 |
| മണീട് ഗ്രാമപഞ്ചായത്ത് | 2021-22 | 225000 | പി.എം.എ,വൈ ഭവനനിർമ്മാണം (SCP) | 225000 | 0 |
| ആകെ | | 353847 | | 353847 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/തീയതി | മുൻകൂർ തുക | ബാക്കി |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്‌ലൈൻ നീട്ടൽ | 22100452/24.11.21 | 238000 | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്‌ലൈൻ നീട്ടൽ | 22100537/15.02.22 | 500000 | 500000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്‌ലൈൻ നീട്ടൽ | 22100416/29.11.21 | 503000 | 503000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്‌ലൈൻ നീട്ടൽ | 22100538/15.02.22 | 840000 | 840000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്‌ലൈൻ നീട്ടൽ | 22100539/15.02.22 | 710000 | 710000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്‌ലൈൻ നീട്ടൽ | 22100766/30.03.22 | 500000 | 500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-15 | 2010-11 | 5.3.7(1) | സ്വന്തമല്ലാത്ത സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-പദ്ധതിപ്പണം പാഴായി. | WP(C)31034/14 നമ്പറായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 66020774 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 64933210 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 102518/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3791999/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി'യിലേയും 'സി'യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 38500/- | ശ്രീ രാജേഷ്.കെ.കെ വ്യവസായ വികസന ഓഫീസർ |
| 3-2 | | 62804/- | ശ്രീമതി ശർമ്മിള സി പി അസിസ്റ്റന്റ് എൻജിനീയർ |
| 3-3 | | 1214/- | ബാലകൃഷ്ണൻ പി കെ അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | | 102518/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 200000/- | ഡോ.സുധ പി.എ<br>മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി പൂത്തോട്ട |
| 1-14 | 103535/- | ഡോ. ഷാജി പിഎസ്,<br>മെഡിക്കൽ ഓഫീസർ, സിഎച്ച്സി മുളന്തുരുത്തി |
| 1-15 | 12025/- | ഡോ.ഷാജി പി.എസ്<br>മെഡിക്കൽ ഓഫീസർ,സി.എച്ച്.സി മുളന്തുരുത്തി |
| 1-17 | 14374/- | ഡോ.സുധ പി.എ<br>മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി പൂത്തോട്ട |
| 1-18 | 499927/- | ഡോ. സീന എൻ എസ്,<br>മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി കീച്ചേരി |
| 1-22 | 275984/- | ഗൗതമൻ റ്റി സത്യപാൽ,<br>സെക്രട്ടറി |
| 1-22 | 2680000/- | നാസർ കെ.എച്ച്,<br>സെക്രട്ടറി |
| 1-29 | 2488/- | ബാലകൃഷ്ണൻ പി കെ,<br>അസിസ്റ്റന്റ് എൻജിനീയർ |
| 1-29 | 2452/- | ആരതി സദ്യ,<br>അസിസ്റ്റന്റ് എൻജിനീയർ(അഡി.ചാർജ്) |
| 1-29 | 1214/- | ശർമിള സി പി,<br>അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 3791999/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .രാജേഷ് .കെ.കെ<br>വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസ്,മുളന്തുരുത്തി | കൊച്ചുതൈക്കൽ<br>വീട്<br>സൗത്ത് പറവൂർ<br>പി.ഒ<br>എറണാകുളം |

| | | |
|---|---|---|
| ഡോ.സുധ പി.എ<br>മെഡിക്കൽ ഓഫീസർ<br>,സി.എച്ച്.സി പൂത്തോട്ട | സർവീസിൽ നിന്നും<br>വിരമിച്ചു | തെങ്ങനാൽ ഹൗസ്<br>കോണാട്,കോട്ടയം |
| ഡോ.ഷാജി പി.എസ്<br>മെഡിക്കൽ<br>ഓഫീസർ,സി.എച്ച്.സി<br>മുളന്തുരുത്തി | മെഡിക്കൽ<br>ഓഫീസർ,സി.എച്ച്.സി<br>മുളന്തുരുത്തി | ഇ3- ജുവൽ പ്ലാനെറ്റ്<br>വൈറ്റില<br>എറണാകുളം |
| ഗൗതമൻ .റ്റി സത്യപാൽ<br>സെക്രട്ടറി | സെക്രട്ടറി, ഇടപ്പള്ളി<br>ബ്ലോക്ക് പഞ്ചായത്ത് | തച്ചാരുപറമ്പിൽ<br>ചാത്താരി ജംഗ്ഷൻ<br>തൃപ്പൂണിത്തുറ |
| ആരതി സദ്ദ<br>അസിസ്റ്റന്റ്<br>എൻജിനീയർ(അഡി.ചാർജ്) | എ.ഇ ഉദയം പേരൂർ<br>ഗ്രാമപഞ്ചായത്ത് | A2 -വിന്റ് പേൾ<br>അപ്പാർട്ട്മെന്റ്<br>പാവം കുളങ്ങര<br>കർത്താ റോഡ്<br>പുതിയ കാവ്<br>എറണാകുളം |
| ശർമ്മിള സി പി<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ<br>മുളന്തുരുത്തി | 15/194<br>ചൂരക്കാട് വീട്<br>ടി കെ ഷൺമധുരൻ<br>റോഡ്<br>മരട് |
| നാസർ കെ.എച്ച്<br>സെക്രട്ടറി | വിരമിച്ചു | കളപ്പുര,<br>ഏനാനെല്ലൂർ പി ഒ,<br>കാലാപൂർ,<br>മൂവാറ്റുപുഴ |
| ബാലകൃഷ്ണൻ പി കെ<br>അസിസ്റ്റന്റ് എൻജിനീയർ | വിരമിച്ചു | പാറശേരി,<br>മൈത്രിനഗർ,<br>കുത്താട്ടുകുളം |
| ഡോ. സീന എൻ എസ്,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി കീച്ചേരി | ഡോ. സീന എൻ എസ്,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി മൂത്തകുന്നം | പ്രണവം,<br>ജനതാറോഡ്,<br>നോർത്ത് പറവൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 1998-99 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 1999-2000 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2000-01 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2001-02 | കെ.എസ്.എ-ഇ.കെ.എം (ബിപി) 382/18 തീ. 9.4.2018 |
| 2002-03 | കെ.എസ്.എ-ഇ.കെ.എം (ബിപി) 382/18 തീ. 9.4.2018 |
| 2003-04 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1712/2021 തീ. 14.12.2021 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 1991/14 തീ. 23.1.2015 |
| 2011-12 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.2) 266/15 തീ.16.5.2015 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2014-15 & 2015-16 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2016-17 | കെ.എസ്.എ ഇ.കെ.എം.(ബി.പി)2338/18/തീ. 07.06.2019 |
| 2017-18 | കെ.എസ്.എ ഇ.കെ.എം.(ബി.പി)341/2019/തീ. 01.01.2021 |
| 2018-19 | കെ.എസ്.എ ഇ.കെ.എം.(ബി.പി)1547/2019 തീ. 09.12.2020 |
| 2019-20 | കെ.എസ്.എ ഇ.കെ.എം.(ബി.പി)908/2020 തീ. 04.12.2021 |
| 2020-21 | കെ.എസ്.എ ഇ.കെ.എം.(ബി.പി) /2021 തീ. |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്